# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം
നമ്പർ : 4562.

29..6..2012-ൽ മറുപടിക്ക്

## ക്ഷീരകർഷക പെൻഷൻ

ചോദ്യം
ശ്രീ. കെ.വി. വിജയദാസ്
ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ
ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ)
ശ്രീ. എസ്. രാജേന്ദ്രൻ

ഉത്തരം
ശ്രീ. കെ.സി. ജോസഫ്.
(ഗ്രാമവികസനവും ആസൂത്രണവും
സാംസ്കാരികകാര്യവും വകുപ്പ് മന്ത്രി)

| ചോദ്യം | ഉത്തരം |
|---|---|
| (എ) വായ്പയെടുത്ത് കന്നുകാലികളെ വളർത്തി കടക്കെണിയിലായ ക്ഷീര കർഷകരെ സഹായിക്കാൻ എന്തെങ്കിലും നടപടി കൈക്കൊള്ളുമോ; | (എ) ക്ഷീരവികസന വകുപ്പ് നടപ്പിലാക്കി വരുന്ന എം.എസ്.ഡി.പി. പദ്ധതി പ്രകാരം വിതരണം ചെയ്യുന്ന കന്നുകാലികൾക്ക് ഇൻഷ്വറൻസ് പരിരക്ഷ നല്കുന്നുണ്ട്. കൂടാതെ പശുക്കളെ വാങ്ങുന്നതിനായി ക്ഷീരകർഷകർ സഹകരണ സംഘങ്ങൾ/ബാങ്കുകളിൽ നിന്നോ, സ്വകാര്യ പണം കടം കൊടുപ്പുകാരിൽ നിന്നോ 18..1..2007-ന് മുമ്പ് എടുത്തിരുന്ന വായ്പകൾ കാർഷിക കടാശ്വാസ കമ്മീഷന്റെ പരിധിയിൽ പ്പെടുത്തിയിട്ടുണ്ട്. |
| (ബി) ക്ഷീരകർഷകരുടെ വായ്പ കാർഷിക വായ്പയായി പരിഗണിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; | (ബി) ഇത് സംബന്ധിച്ച് തീരുമാനമായിട്ടില്ല. |
| (സി) ക്ഷീരകർഷക പെൻഷൻ വർദ്ധിപ്പിക്കാൻ നടപടി സ്വീകരിക്കുമോ; | (സി) ക്ഷീരകർഷക പെൻഷൻ വർദ്ധിപ്പിക്കുന്ന കാര്യം സർക്കാർ പരിഗണനയിലാണ്. ഇത് സംബന്ധിച്ച് അന്തിമ തീരുമാനമായിട്ടില്ല. |
| (ഡി) കാലിത്തീറ്റ വില നിയന്ത്രിക്കാനും അവയുടെ ഗുണമേന്മ ഉറപ്പു വരുത്താനും സർക്കാർ തലത്തിൽ എന്തൊക്കെ ചെയ്യാൻ ഉദ്ദേശിക്കുന്നു എന്ന് വിശദമാക്കാമോ? | (ഡി) കാലിത്തീറ്റ വില നിയന്ത്രിക്കുന്നതിന്റെ ഭാഗമായി കാലിത്തീറ്റയ്ക്ക് നല്കിവന്നിരുന്ന സബ്സിഡി ഇരട്ടിയായി വർദ്ധിപ്പിച്ചിട്ടുണ്ട്. കൂടാതെ സർക്കാർ നിയന്ത്രണത്തിലുള്ള കേരളാ ഫീഡ്സ്, സഹകരണ സ്ഥാപനമായ മിൽമ എന്നിവ മുഖാന്തിരം ഗുണമേന്മയുള്ള കാലിത്തീറ്റ വിതരണം നടത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ.